**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2422 05.11.2019-ലെ മറുപടിക്ക്

**തുറന്ന് പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്ന് പ്രവർത്തിപ്പിച്ചുവെന്ന് വിശദമാക്കാമോ? | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കി വരുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ സ്വകാര്യസംരംഭകരാണ് നടത്തുന്നത്. ഇത്തരം യൂണിറ്റുകൾ തുറന്ന് പ്രവർത്തിക്കുന്നത് ഉടമസ്ഥരുടെചുമതലയിലാണ്.കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന പ്രസ്തുത 80 യൂണിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്നു പ്രവർത്തിക്കുന്നുണ്ട്. നേരത്തെ പ്രവർത്തനം നിർത്തലാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരെല്ലാം സ്വയം വിരമിക്കൽ പദ്ധതി പ്രകാരം മുൻ കാലങ്ങളിൽ തന്നെ പിരിഞ്ഞുപോയിട്ടുള്ളതും കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നവയുമാണ്. |

**സെക്ഷൻ ഓഫീസർ**